ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561314**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ)- ഈ വകുപ്പിൽ **31.12.2025** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

---

ജീവനക്കാര്യം (ജി) വിഭാഗം

നം. **DTETVM/173/2026-EG3 (EG)** തിരുവനന്തപുരം, തീയതി : **31-08-2026**

---

വായന :-

1. ഈ ഓഫീസിലെ **13-05-2026** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. പാലക്കാട് ഗവൺമെന്റ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പലിന്റെ **17.04.2026** തീയതിയിലെ **GPCPKD/55/2026-E2** നമ്പർ കത്ത്.
3. **EB3/2579/17/DTE** തീയതി **03.02.2017** നമ്പർ ഉത്തരവ്.
4. **PSC Advice K.III (4) 08/2011** തീയതി: **04/01/2017**
5. ഈ ഓഫീസിലെ **EB3/3869/18/DTE** തീയതി **01.02.2018** നമ്പർ ഉത്തരവ്.
6. ഈ ഓഫീസിലെ **EB3/13354/22/DTE** തീയതി **31.05.2022** നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഈ വകുപ്പിൽ **31.12.2025** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് വായന **1** ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. വായന **2** പ്രകാരം, ട്രേഡ്സ്മാൻമാരുടെ സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച്, ജീവനക്കാരിൽ നിന്നു ലഭിച്ച അപേക്ഷകൾ/ ആക്ഷേപങ്ങൾ, ബന്ധപ്പെട്ട സ്ഥാപന മേധാവി മുഖേന ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ, വായന **3** ഉത്തരവ് പ്രകാരം, **04/01/2017** തീയതിയിലെ പിഎസ്സി അഡ്വൈസ് പ്രകാരം ശ്രീമതി സജിത സി. **15.02.2017**-ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ്സ്മാൻ ആയി സേവനത്തിൽ പ്രവേശിച്ചു. തുടർന്ന് പഞ്ചായത്ത് വകുപ്പിൽ **PSC** മുഖേന **Clerk** തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന്, വായന **5** ഉത്തരവ് പ്രകാരം **02.02.2018**-ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്ന് വിടുതൽ ചെയ്തു. പിന്നീട് വായന **6** ഉത്തരവ് പ്രകാരം **KS&SSR Part II Rule 8**-ലെ വ്യവസ്ഥകൾ അനുസരിച്ച് ട്രേഡ്സ്മാൻ തസ്തികയിൽ പുനർനിയമനം നൽകുകയും, അതനുസരിച്ച് **15.06.2022**-ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വീണ്ടും സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു.

ശ്രീമതി സജിത സി. **KS&SSR Part II Rule 8** പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കി, അഭാവകാലം പരിവീക്ഷണവുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾക്ക് പരിഗണിച്ച്, പിഎസ്‌സി അഡ്വൈസ് തീയതിയായ **04/01/2017** അടിസ്ഥാനമാക്കി സീനിയോറിറ്റി പുനർനിർണയിച്ച് നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ പ്രാബല്യത്തിലുള്ള ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ്സ്മാൻ തസ്തികയിലെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി സജിത സി.യുടെ സ്ഥാനം ക്രമ നമ്പർ **60** ആണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പുനർനിയമനം ലഭിച്ച തീയതിയായ **15.06.2022** അടിസ്ഥാനമാക്കിയാണ് നിലവിൽ സീനിയോറിറ്റി നിശ്ചയിച്ചിട്ടുള്ളത്.

എന്നാൽ, ഡയറക്ടറുടെ **EB3/13354/22/DTE dated 31.05.2022** നമ്പർ ഉത്തരവിൽ, ശ്രീമതി സജിത സി.യുടെ പുനർനിയമനം **KS&SSR Part II Rule 8**-ലെ വ്യവസ്ഥകൾ പ്രകാരമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**KS&SSR Part II Rule 8**-ൽ പ്രസക്തമായ വ്യവസ്ഥ ഇപ്രകാരമാണ്:

> **"He shall be entitled to all the privileges in respect of appointment, seniority, probation and appointment as full member which he would have enjoyed but for his absence."**

**Rule 8** പ്രകാരം പുനർനിയമനം ലഭിക്കുന്ന ജീവനക്കാരന്, ആ കാലയളവിൽ സർവീസിൽ നിന്ന് വിട്ടുനിന്നിട്ടില്ലായിരുന്നെങ്കിൽ ലഭിക്കുമായിരുന്ന **Appointment, Seniority, Probation, Appointment as Full Member** എന്നിവ സംബന്ധിച്ച എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്നാണ് മേൽപ്പറഞ്ഞ ചട്ടവ്യവസ്ഥയിൽ നിന്ന് വ്യക്തമാകുന്നത്.

ശ്രീമതി സജിത സി., **04/01/2017** തീയതിയിലെ പിഎസ്‌സി അഡ്വൈസ് അടിസ്ഥാനത്തിൽ, **15.02.2017**-ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ്സ്മാൻ ആയി നിയമിതയാവുകയും, തുടർന്ന് മറ്റൊരു സർക്കാർ വകുപ്പിൽ **PSC** മുഖേന നിയമനം ലഭിച്ചതിനെ തുടർന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വിടുകയും ചെയ്ത ശേഷം, **KS&SSR Part II Rule 8**-ലെ വ്യവസ്ഥകൾ പ്രകാരം അതേ ട്രേഡ്സ്മാൻ തസ്തികയിൽ തന്നെ പുനർനിയമനം ലഭിച്ചിട്ടുള്ളതാണ്. അതിനാൽ, **Rule 8**-ൽ പ്രതിപാദിച്ചിരിക്കുന്ന **"but for his absence"** എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ, **02.02.2018** മുതൽ **15.06.2022** വരെയുള്ള അഭാവകാലം ഉണ്ടായിരുന്നില്ലെങ്കിൽ ശ്രീമതി സജിത സി.യ്ക്ക് ലഭിക്കുമായിരുന്ന സീനിയോറിറ്റി ആനുകൂല്യം പരിഗണിച്ചു, പിഎസ്‌സി അഡ്വൈസ് തീയതിയായ **04/01/2017** അടിസ്ഥാനമാക്കി പുനർനിർണ്ണയിച്ചു നൽകേണ്ടിയിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ, നിലവിൽ പ്രാബല്യത്തിലുള്ള ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ്സ്മാൻ തസ്തികയിലെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ **60**-ൽ ഉൾപ്പെട്ടിരിക്കുന്ന ശ്രീമതി സജിത സി.യെ പിഎസ്‌സി അഡ്വൈസ് തീയതിയായ **04/01/2017** അടിസ്ഥാനമാക്കി സീനിയോറിറ്റി പുനർനിർണ്ണയിച്ച്, നിലവിലെ സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ **5** – ശ്രീ. അജേഷ് എ. വി. എന്നിവർക്കും ക്രമ നമ്പർ **6** – ശ്രീ. നിഷിൽ ആർ. എൻ. എന്നിവർക്കും ഇടയിൽ ക്രമ നമ്പർ **5A** ആയി ഉൾപ്പെടുത്തുകയും, ക്രമ നമ്പർ **60** സ്ഥാനം ഒഴിവാക്കിയും, സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ച്, വായന **2** അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

പ്രസ്തുത അന്തിമ സീനിയോറിറ്റി ലിസ്റ്റ് മേൽ ഭേദഗതിയോടെനിലനിൽക്കുന്നതാണ്. സ്ഥാപനമേധാവികൾ പ്രസ്തുത അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിശോധിക്കേണ്ടതും ആയത് ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതുമാണ്.

Digitally signed by
SUBHALEKSHMY R
Date: 31-08-2026
12:38:21

**SUBHALEKSHMY R**
**SENIOR FINANCE OFFICER**

പകർപ്പ്:

1. ബന്ധപ്പെട്ട ജീവനക്കാർക്ക്/സ്ഥാപന മേലധികാരികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

2 സൂപ്രണ്ട്, ഇബി സെക്ഷൻ

3. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (പ്രസിദ്ധീകരണത്തിന്)